KOTTAYAM PUBLIC LIBRARY

Call No. [illegible]  Acc. No. 13534

Author: സെബാസ്റ്റ്യൻ, സി. കെ.

Title: [illegible]

X

# കേശത്യാഗം.

13534

ഗ്രന്ഥകൎത്താ:
സി. കെ. സബാസ്റ്റ്യൻ.

തൃശ്ശിവപേരൂർ
ഭാരതവിലാസം അച്ചുക്കൂടത്തിൽ
അച്ചടിച്ചതു്.

1124.

വില 8 ണ.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

# പത്രാധിപരംഗത്തിൽനിന്നു്

"....................ആദർശം വല്ലതുമുണ്ടെങ്കിൽ അതു് എള്ളിൽ എണ്ണയെന്നപോലെ കഥയിലാകമാനം നിലീനമായിരിയ്ക്കണം. 'കേശത്യാഗം' എന്ന കഥ നോക്കുക. ശക്തിമത്തായ ഒരു ആദർശപ്രചോദനംകൂടാതെ അങ്ങനെയൊരു കഥയെഴുതുവാൻ സാധിക്കയില്ല. പക്ഷേ, "ലോകത്തിനുപഹാരങ്ങളാകേണ്ട കന്യകാവല്ലരികളെ കന്യകാമഠങ്ങളാകുന്ന ചുടലയിലേയ്ക്കു തള്ളിവിടുന്ന മാതാപിതാക്കന്മാരേ! നിങ്ങൾ ചെയ്യുന്ന പാതകത്തിന്റെ ഭയങ്കരത നിങ്ങൾ അറിയുന്നുണ്ടോ.................." എന്നും മറ്റും പ്രസംഗിയ്ക്കുവാൻ കഥാകാരൻ തുനിഞ്ഞിട്ടില്ല. അങ്ങനെ പ്രസംഗിച്ചാലുണ്ടാകുന്നതിനേക്കാൾ ഗാഢവും അവിസ്മർത്തവ്യവുമായ ഒരു പ്രതീതിയാണു് വായനക്കാരനുണ്ടാകുന്നതു്. ആദർശപ്രണയികളായ കഥാകൃത്തുക്കൾ ഇക്കാര്യം ഓർമ്മിച്ചാൽ കൊള്ളാം."

Chenganacherry,
20—1—1114.

M. P. PAUL, M. A.

# കേശത്യാഗം.

## I

അന്നു പ്രഭാതത്തിൽ, മേരിക്കുട്ടി കുളികഴിഞ്ഞു്, കല്ലടമേൽ കയറിനിന്നു്, തല അല്പം ഇടത്തോട്ടു ചരിച്ചുപിടിച്ചു് വണ്ടോടു നിറത്തിലുള്ള ആവളുടെ കേശഭാരത്തിൽ നേർത്ത വിരലുകൾ കടത്തി ചീകി വെള്ളം കളയുകയായിരുന്നു. ഇരുട്ടും വെളിച്ചവുംകൂടി ഉരുക്കി നിർമ്മിക്കപ്പെട്ട ആ മോഹനവസ്തു ചുരുണ്ടു് കുലകുലയായി അവളുടെ മുട്ടിറങ്ങിക്കിടന്നിരുന്നു.

കുളത്തിൽ കഴുത്തിനൊപ്പം വെള്ളത്തിൽ നിന്നിരുന്ന അന്നയും മാത്തയും അതു കുറച്ചുനേരം കൗതുകത്തോടുകൂടി നോക്കി. അന്ന വെള്ളത്തിനടിയിൽകൂടി മാത്തയുടെ തുടമേൽ ഒരു നുള്ള്! "മാത്തേ!" അവൾ പിറുപിറുത്തു, "ഇത്ര ഭംഗിയുള്ള മുടി നീ ആർക്കെങ്കിലും കണ്ടിട്ടുണ്ടോ?"

"അന്നേ! മോഹനവസ്തുക്കൾ അധികം നിലനില്ക്കയില്ലല്ലോ! പാവം മേരിക്കുട്ടി!.........................." അവൾ വെള്ളത്തിൽ മുങ്ങി. അന്ന സ്നേഹിതയുടെ മുടിപിടിച്ചെഴുനേല്പിച്ചു, "മാത്തേ, നീ എന്താണു പറഞ്ഞതു്? കേൾക്കട്ടേ!" മാത്ത വലത്തു കണ്ണൊന്നു ചിമ്മി, "ബദ്ധപ്പെടാതിരിക്കു, ഞാൻ പറയാം."

മേരിക്കുട്ടി മുടി പുറത്തു വിരിച്ചിട്ടു് എണ്ണപ്പാത്രവും സോപ്പും എടുത്തു യാത്രയായി. അന്ന വിളിച്ചുചോദിച്ചു, "മേരിക്കുട്ടീ! എന്താ ഇത്ര തിടുക്കം? ഇന്നു നമുക്കു് സ്കൂളില്ലല്ലോ, നിൽക്കുന്നേ, നമുക്കൊരുമിച്ചു പോകാം."

"അന്നേ! എനിക്ക് ഇന്ന് ഒരിടത്തു പോകാനുണ്ട്; ചെറിയമ്മ എൻെറ വരവു കാത്തു നിൽക്കുകയാണ്. ഞാൻ പോകട്ടെ!" അവൾ അവിടെനിന്നു നടന്നു.

മാത്ത ചിരിച്ചു. "സംധു! കന്യകാമഠത്തിലേക്കാണ് യാത്ര!" അവൾ വീണ്ടും മൂങ്ങി. അന്ന കുറേക്കൂടി ശക്തിയുള്ളവളാണ്; അവൾ മാത്തയെ പിടിച്ചു പൊക്കി, "മാത്തേ! പറയൂ! മേരിക്കുട്ടി മഠത്തിൽ പോകയാണോ? അയ്യോ! അവൾ എന്തൊരു സുന്ദരിയാണ്! നോക്കൂ, ആ മുടിയാണ് അവൾക്കു അഴകു് ഇരട്ടിപ്പിക്കുന്നതു്! എൻെറ കുഞ്ഞേട്ടനു് അവളെ ആലോചിക്കയുണ്ടായി."

"എന്നിട്ട്" മാത്ത ചോദിച്ചു.

"എന്നിട്ടോ! അതെല്ലാം അലസിപ്പോയി. അവളുടെ ചെറിയമ്മ അതിനു സമ്മതിച്ചില്ല."

"മേരിക്കുട്ടിയുടെ അമ്മ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ആ വിവാഹം തീർച്ചയായിട്ടും നടക്കുമായിരുന്നു. ഞാൻ പണ്ടേ തന്നെ തീർച്ചയാക്കീട്ടുണ്ട്, ജോണേട്ടൻ രണ്ടാമതു വിവാഹം കഴിച്ചാൽ മേരിക്കുട്ടിയുടെ സുഖങ്ങളെല്ലാം തീരുമെന്നു്! അയാൾക്കു കിട്ടിയ ഒരു സംധനമോ? മറിയാമ്മയെപ്പോലുള്ള ഒരു പുല്ലസ്സന്യാസി എവിടെയാണുള്ളതു്?"

"മേരിക്കുട്ടിയുടെ അപ്പൻ അവളെപ്പററി ഒന്നും അന്വേഷിക്കാറില്ലേ?"

"ജോണേട്ടനെപ്പോലെ ഇത്ര വഷളൻ ഈ ലോകത്തിലില്ല. ഭാര്യയുടെ കൈയിൽ ചാടിക്കളിക്കുന്ന ഒരു പാവ! എത്രയെത്ര കുടുംബങ്ങളിൽനിന്നും മേരിക്കുട്ടിയെ വിവാഹത്തിന്നു് ആലോചിച്ചുവെന്നോ? പക്ഷെ, അവളുടെ ചെറിയമ്മ, ആ 'മൂദേവി' അവരെയൊക്കെ ഓരോ കാരണം പറഞ്ഞു പിരിച്ചയച്ചു."

"മാത്തേ! മേരിക്കുട്ടിയെ ഒരു നല്ല കുടുംബത്തിലേക്കു കൊടുത്താൽ അവളുടെ പെറിയമ്മയ്ക്ക് എന്താണു നഷ്ടം?"

"നഷ്ടമോ? മേരിക്കുട്ടി അഞ്ചുലക്ഷം ഉറുപ്പികക്ക് അവകാശിയാണ്. അവളെ വിവാഹം കഴിച്ചു കൊടുക്കുന്ന പക്ഷം ഭർത്തൃസഹായത്തോടുകൂടി അവർ അവളുടെ അവകാശത്തെ ലക്ഷ്യമാക്കി 'വിധി' സമ്പാദിച്ചെങ്കിലൊ? ദുഷ്ട! മേരിക്കുട്ടിയെപ്പററി പല അപകീർത്തികളും അയൽവാസികളുടെ ഇടയിൽ പരത്തി; അങ്ങിനെ അവൾ ആ വിവാഹം തടയുവാൻ കഴിയുന്നതു പരിശ്രമിച്ചു. ഒടുവിൽ അവൾ മേരിക്കുട്ടിയെ കന്യകാമഠത്തിൽ അയ്യായിരം ഉറുപ്പികയോടുകൂടി കൊടുക്കുവാൻ മഠക്കാരുമായി ഒരു കരാറുചെയ്തു. അങ്ങിനെ അഞ്ചുലക്ഷം അയ്യായിരംകൊണ്ടു തീർത്തു. പററിയോ പണി?"

"കന്യകാമഠത്തിൽ ചേരുവാൻ മേരിക്കുട്ടിക്കിഷ്ടമാണോ? അവളെ കണ്ടാൽ അങ്ങിനെയൊന്നും തോന്നുകയില്ലല്ലൊ! വലിയ ഭക്തിപ്രകടനങ്ങളൊന്നും അവൾക്കില്ല."

"അന്നേ! അവൾക്കു മഠത്തിൽ ചേരുവാൻ തീരെ ഇഷ്ടമില്ലെന്നു് എനിക്കറിയാം. പക്ഷെ, ആ സാധു നിർബ്ബന്ധിതയായി."

"മേരിക്കുട്ടിയുടെ പെറിയമ്മ എല്ലാ ദിവസവും കൊന്തയുരുട്ടി പ്രാത്ഥന പിറുപിറുത്തു് പള്ളിയിൽനിന്നു മടങ്ങുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഓ! എന്തൊരു പുച്ഛസ്സന്ന്യാസിയാണപ്പാ! ഒരു കാൎയ്യം ഞാൻ പറയാം. മാത്തേ! എനിക്കിഷ്ടമില്ലാത്ത ഒരു സംഗതിയിൽ ആരൊക്കെ നിർബ്ബന്ധിച്ചാലും ഞാൻ കാലെടുത്തു കുത്തുകയില്ല."

"മേരിക്കുട്ടി നമ്മെപ്പോലെയല്ല. അവൾ ചെറുപ്പത്തിൽ തന്നെ അമിതമായ ശാസനയിലും അന്യായമായ നിബന്ധനകളിലും വളൎന്നു വന്നവളാണ്. നീ സൂക്ഷിച്ചിട്ടുണ്ടോ? എന്തൊരു പ്രവൃത്തി ചെയ്യുമ്പോഴും ആവശ്യമില്ലാത്തൊരു ഭയം അവൾക്കു താ

നേ ഉളവാകുന്നു.....................ഒടുവിൽ അവൾ സമ്മതിച്ചു, വനവൃക്ഷംപോലെ കരിഞ്ഞുപോകുവാൻ!'' രണ്ടുപേരും ഒരേ നെടുവീർപ്പിട്ടു.

* * *

മേരിക്കുട്ടി അവളുടെ ഭവനത്തിന്റെ മുററത്തെത്തിയപ്പോൾ, അവളുടെ ചെറിയമ്മ യാത്രയ്ക്കൊരുങ്ങി വലത്തുകൈയിൽ ഒരു കുടയും ഇടത്തുകൈയിൽ ഒരു താക്കോൽക്കൂട്ടവും പിടിച്ചു പടിവിട്ടുപടിയിൽ നിൽക്കുന്നുണ്ടായിരുന്നു. കണ്ണടയുടെ ഇടയിൽക്കൂടി അവൾ മേരിക്കുട്ടിയെ ഒന്നു തുറിച്ചുനോക്കി. ''എടീ, പെണ്ണേ! നിനക്കു നീരാട്ടത്തിന് അഞ്ചാറു മണിക്കൂറു വേണോ? ആ കാപ്പി എടുത്തു കുടിച്ച് വേഗം ഒന്ന് എഴുന്നള്ള്.'' ആ പെൺകുട്ടി തലയുയർത്തി ചുണ്ടു ചുളുക്കി; തടിച്ച് ഉയരംകുറഞ്ഞ ചെറിയമ്മയെ ഒന്നു നോക്കി. മനസ്സിന്റെ കട്ടപ്പവും ദേഹത്തിന്റെ തുടിപ്പും കുറെ കുറഞ്ഞിരുന്നെങ്കിൽ ആ സ്ത്രീ ഇതിലേറെ സുന്ദരിയാകുമായിരുന്നു. മേരിക്കുട്ടി നിശ്ശബ്ദയായി അവളുടെ മുറിയിൽ കടന്നു. അവിടെ ഒരു വലിയ നിലക്കണ്ണാടിയുടെ മുമ്പിൽ നിവന്നുനിന്ന് അവൾ മുടി ചീകുവാൻ തുടങ്ങി. ഹാ! എന്തൊരു ഭംഗിയാണതിനുള്ളത്! അവൾതന്നെ അതിന്റെ സൌന്ദര്യം കണ്ടു ഭ്രമിച്ചുപോയി. പെട്ടെന്ന്, ഭയങ്കരമായ ഒരു സംഭവം അവളുടെ സ്മൃതിപഥത്തിലേക്കു കുതിച്ചുചാടി; ചടച്ചുവിളത്ത ഒരു കരത്തിൽ അതിമൂർച്ചയുള്ള ഒരു കത്രിക വായ്പൊളിച്ചുകൊണ്ട് അവളുടെ ജീവനുള്ള മുടിയെ കടിച്ചുമുറിക്കുവാൻ സാവധാനം വരുന്നതായി അവൾക്കു തോന്നി അവളുടെ കണ്ണുനിറഞ്ഞു. ഒരു പ്രിയമാതാവ് അന്ത്യശ്വാസം വലിക്കുന്ന ഓമനസന്താനത്തെ മാറോട് അമർത്തിപ്പിടിക്കുന്നതുപോലെ, അവൾ ആ കേശഭാരം പുറകിൽനിന്ന്, അതിശീഘ്രം അടിച്ചുകൊണ്ടിരുന്ന അവളുടെ ഹൃദയത്തിലേക്കു വലിച്ചിട്ട് അതിന്റെ അഗ്രം ചുംബിക്കുവാൻ തുടങ്ങി.

അതാ, കണ്ണാടിയിൽ ഒരു ഭയങ്കരമായ മുഖത്തിന്റെ പ്രതിബിംബം! അവളുടെ പുറകിൽ നിന്നിരുന്ന ചെറിയമ്മ കണ്ണു വട്ടം

പിടിച്ചു് ദ്വേഷ്യവും ഹാസ്യവും കൂടി കലന്ന ഒരു ചിരിയോടുകൂടി ഗർജ്ജിച്ചു, "എടീ, സുന്ദരിപ്പെണ്ണേ! മതിയെടി നിന്റെ അഴകു നോക്കിയതു്. വല്ല ആൺകുട്ടികളേയും കാണിക്കുവാനല്ല നിന്നെ ഞാൻ കൊണ്ടുപോകുന്നതു്. കന്യകാമഠത്തിലുള്ളവർ നിന്റെ സൌന്ദര്യം ഒന്നും കണ്ടു ഭ്രമിക്കുന്നവരല്ല. നിന്റെ മനസ്സു നന്നാക്കാൻ നോക്കു്, അതാണു് അവക്കു വലിയ കാര്യം! പത്തുമണി കഴിഞ്ഞാൽ ശ്രേഷ്ഠത്തിയമ്മയെ കാണുവാൻ പ്രയാസമാണു്. എനിക്കും മടങ്ങിവന്നിട്ടു കുറെ ജോലിയുണ്ടു്. നിനക്കിവിടെ മിണ്ടാതിരുന്നാൽ മതിയല്ലോ!"

നിരാശയാൽ ചീന്തിപ്പൊളിയ്ക്കപ്പെട്ട വദനത്തോടുകൂടി ആ മോഹനാംഗി ഒരുവിധത്തിൽ യാത്രയായി. ഉമ്മറത്തു ചാരുകസേലയിൽ കിടന്നിരുന്ന അവളുടെ പിതാവു് വർത്തമാനപത്രത്തിന്റെ മുകളിൽക്കൂടി അവളെ നോക്കി ഒരു നെടുവീർപ്പിട്ടു; "മേരിക്കുട്ടി! മകളേ! ചെറിയമ്മ വളരെ നേരമായില്ലേ നിന്നെ കാത്തുനില്ക്കുന്നു? മകൾ വേഗം പോയി വരൂ." മറിയാമ്മ അയാളെ ഒരു നോട്ടം! കഴിഞ്ഞു അയാളുടെ താലോലിക്കൽ. ഒരടിമപ്പെണ്ണിനെപ്പോലെ അവൾ ചെറിയമ്മയെ അനുഗമിച്ചു. രണ്ടുപേരും മുററത്തു നിന്നിരുന്ന കാറിൽ കയറി.

മഠാധിപ റവ: ക്ലേരമ്മ മറിയാമ്മയെ അത്യാനന്ദത്തോടുകൂടി സ്വീകരിച്ചു. അതിസുന്ദരിയേയും അയ്യായിരം ഉറുപ്പികയും മഠത്തിലേക്കു സംഭാവന ചെയ്യുന്നവർ ചുരുക്കമാണു്. റവ: ക്ലേരമ്മ ചിരിച്ചുംകൊണ്ടു് മേരിക്കുട്ടിയുടെ ഫാലദേശം ഒന്നു തലോടി. അവരുടെ സ്പർശനം ആ ബാലികക്കു മഞ്ഞിൻകട്ടയേക്കാൾ കുളുർമ്മയുണ്ടാക്കി. കണ്ണുകളും മൂക്കും വായും—അത്യാവശ്യം വേണ്ടതായ ഇന്ദ്രിയങ്ങൾ മാത്രം—ബന്ധനത്തിൽനിന്നു മോചിക്കപ്പെട്ട ആ സ്ത്രീകളെ അവൾ നിരാശയോടും വ്യസനത്തോടുംകൂടി നോക്കിനിന്നു. വായ് അവക്കു് പ്രാർത്ഥിക്കുവാനും ദൈവസ്തോത്രങ്ങൾ പാടുവാനുമാണു്; കണ്ണുകൾ ദിവ്യപൂജകളും പുണ്യവാന്മാരുടെ ബിംബങ്ങളും കഷ്ടാനുഭവങ്ങളുടെ ചിത്രങ്ങളും കണ്ടു കണ്ണീർ വീഴ്ത്തുവാനാണു്;

നാസിക അവക്ക 'കന്തിരിക്ക'ത്തിൻേറയും ഹോമധൂമങ്ങളുടേയും മണം ശ്വസിക്കുവാനാണ്; കൈകഠം കൊന്തയുരുട്ടുവാനും കൂപ്പിപ്പിടിക്കുവാനുമാണ്; കാലുകളോ മുട്ടുകുത്തി നില്ക്കുവാനുമാണ്.

അവഠം പുറവുപാടും ഒന്നു കണ്ണോടിച്ചു. ഉന്നതങ്ങളും വിശാലങ്ങളുമായ മാവുകഠം അവിടെ സുലഭമായിരുന്നു; ഒരു കുളിർകാററ് എപ്പോഴും അവിടെ വീശിക്കൊണ്ടിരുന്നു; മരണത്തിൻേറ നിശ്ശബ്ദത എങ്ങും വ്യാപിച്ചിരുന്നു. മഞ്ഞുകൊണ്ടു മൂടപ്പെട്ട പനിനീർസുമങ്ങഠംപോലെ അനേകം മുഖങ്ങഠം, വൃത്താകാരത്തിൽ ആ വിശാലജനലുകഠംക്കുള്ളിൽകൂടി പ്രത്യക്ഷങ്ങളായി. ഭക്തിയേക്കാഠം ഭയമാണ് മേരിക്കുട്ടിയുടെ ഹൃദയത്തിൽ അപ്പോഠം അങ്കുരിച്ചത്. മനുഷ്യരുടെ വളച്ചയെ ചൂണ്ടിക്കാണിക്കുന്ന പ്രകൃതിയുടെ വിരൽ മടക്കുവാൻ അവർ കാണിക്കുന്ന പരിശ്രമം കണ്ടപ്പോഠം മേരിക്കുട്ടി നടുങ്ങി. രണ്ടു കന്യകമാർ അവളെ അകത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

മുററത്തു തഴച്ചുനിന്നിരുന്ന മാവിൻേറ ചുവട്ടിൽ മറിയാമ്മ മഠാധിപതിയുമായി ഓരോന്നു സംസാരിച്ചുകൊണ്ടു നിന്നിരുന്നു.

"സിസ്റ്റരേ! നമ്മുടെ മേരിക്കുട്ടിയുടെ ആഗ്രഹം മുഴുവനും ഈ മഠത്തിൽ ചേരുവാനാണ്. വിവാഹത്തിൻേറ കാൎയ്യമേ അവഠംക്കു കേഠംക്കവേണ്ട. എവിടന്നെങ്കിലും ഒരു വിവാഹാലോചന വന്നാൽ പൊട്ടിക്കരയുകയായി. പിന്നെ അവഠം ഭക്ഷണം കഴിക്കണമെങ്കിൽ ഞങ്ങഠം വളരെ ബുദ്ധിമുട്ടണം. മകളുടെ ആഗ്രഹം നിറവേററാത്തപക്ഷം അങ്ങേ ലോകത്തിൽ എനിക്കു നിത്യപിതാവിനോട് ഉത്തരം പറയേണ്ടി വരുമല്ലോ!"

"മറിയാമ്മേ! അതു ശരിയാണ്. എത്ര ക്ഷണഭംഗുരമാണ് ഈ ലോകജീവിതം! എനിക്കു പതിനെട്ടു വയസ്സുള്ളപ്പോഠം ഞാൻ മഠത്തിൽ ചേൎന്നു. ഇപ്പോഠം എനിക്കു നാല്പതു വയസ്സു കഴിഞ്ഞു. ഈ ഇരുപത്തിരണ്ടു കൊല്ലങ്ങഠം എനിക്ക് ഒരു നിമിഷംപോലെയാണ് തോന്നിയത്!"

"സിസ്റ്ററേ! എനിക്ക് ഈ ഭാഗ്യം സിദ്ധിച്ചില്ലല്ലോ! ഞാൻ ചെറുപ്പത്തിൽ എത്രയെത്ര കരഞ്ഞിട്ടുണ്ട്, എന്നെ മഠത്തിൽ ചേർക്കുവാൻവേണ്ടി പക്ഷെ, അപ്പനും അമ്മയും അതിന്നു സമ്മതിച്ചില്ല; ഞാൻ അവരുടെ ഏകപുത്രിയായിരുന്നു. അവർ എന്നെ പാപക്കടലായ ലോകത്തിലേക്കെറിഞ്ഞു. ഇനി ഇവിടെക്കിടന്നു നരകിക്കാതെ നിവൃത്തിയില്ല! അതെല്ലാം ഇരിക്കട്ടെ— ഇനിയത്തെ മാർച്ചുമാസം അവസാനത്തിൽ നമ്മുടെ മേരിക്കുട്ടിയെ ഇവിടെ ചേർക്കുവാൻ ഞങ്ങൾ തീർച്ചയാക്കിയിരിക്കുന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ അയ്യായിരം ഉറുപ്പികയും തന്നുകൊള്ളാം. അവളുടെ അപ്പന്റെ സ്വത്തിൽനിന്ന് ഒരു പൈ പോലും എനിക്കു വേണ്ട; അതു ദൈവത്തിന്റേയാണ്!"

മഠാധിപ ചിരിച്ചുംകൊണ്ട് മറിയാമ്മയുടെ കരംപിടിച്ചു തിരുമ്മി. ചെറുമണിയുടെ ഒരു ശബ്ദം! "മറിയാമ്മേ! ഇതാ, പ്രാർത്ഥനയുടെ സമയമായി. മേരിക്കുട്ടിയെപ്പററിയുള്ള സകല ചുമതലകളും ഞാനേററു. നിങ്ങൾ ഇപ്പോൾ അവളെ കൊണ്ടുപോകയല്ലേ? ഇടക്കിടയ്ക്ക് അവളെ ഇങ്ങോട്ടയക്കണം. കുറെയെല്ലാം അവൾക്കു പറഞ്ഞുകൊടുക്കേണ്ടതായിട്ടുണ്ട്. ലോകസുഖങ്ങളിൽനിന്നു വിട്ടുപിരിയുവാൻ ആർക്കും ഒരു വിഷമം ഉണ്ടാകുമല്ലോ! എന്നാൽ.... ..............." അവർ നടന്നു. ചവിട്ടുപടിയിന്മേൽവെച്ച് മേരിക്കുട്ടിയെ കണ്ടു; അവർ ആ ബാലികയുടെ താടി പിടിച്ചൊന്ന് തിരുമ്മി.

ചെറിയമ്മയും മകളും കാറിൽകയറി വീട്ടിലേക്കു തിരിച്ചു. മേരിക്കുട്ടി പലകുറി ചിന്തിച്ചു, ചെറിയമ്മയുടെ മൂർച്ചയുള്ള വാക്കാമായുധത്തേക്കാൾ ഭേദമല്ലേ 'ക്ലേരമ്മ'യുടെ കാരാഗൃഹമെന്ന്.

## II

മേരിക്കുട്ടി കന്യാകാമഠത്തിൽ ചേർന്നിട്ട് മൂന്നു വർഷങ്ങൾ കഴിഞ്ഞു. അവളുടെ മുറി ആ കെട്ടിടത്തിന്റെ രണ്ടാം നിലയി

ലാണ്. അവൾ കഴിവുള്ളപ്പോഴൊക്കെ അവളുടെ മുറിയിൽ ജാലകത്തിനടുത്തിരുന്ന്, രാജപാതയിൽകൂടി പൊയ്ക്കൊണ്ടിരുന്ന സ്വതന്ത്രരായ മനുഷ്യരെ— ജീവസംഗരത്തിലെ തിരമാലകളെ— അത്യാർത്തിയോടുകൂടി നോക്കും. അമ്മമാർ പൂമൊട്ടുപോലുള്ള ഓമനസന്താനങ്ങളെ മാറോടമർത്തിപ്പിടിച്ച് തുടിച്ച കവിൾത്തടങ്ങളിൽ ചുംബനവർഷം ചെയ്യുന്നത് അവൾ പലകുറി കണ്ടിട്ടുണ്ട്. അവൾക്കും ചുംബിക്കുവാൻ ഒരാശ മുതിർന്നു. നിർജ്ജീവങ്ങളായ ബിംബങ്ങളേയും കൊത്തുരൂപങ്ങളേയുമല്ല; സ്രഷ്ടാവിന്റെ ചൈതന്യം വാരിവർഷിക്കപ്പെട്ട മനുഷ്യജീവികളെ; ചുംബനം പാപമായി കരുതുന്ന സന്യാസിനികളുടെ വിളറിയ കവിൾത്തടങ്ങളിലല്ല, ചുംബനത്തിന്റെ മാധുര്യം, അതേപോലെ പ്രതിബിംബിച്ചു കാണപ്പെടുന്ന കൊച്ചുപൈതലിന്റെ മൃദുലകോമളമായ കവിൾത്തടങ്ങളിൽ! പക്ഷെ, അതു് അവൾക്കെങ്ങനെ സാധിക്കും? പൂമ്പൊടിപുരണ്ട ഒരു വണ്ടു് മൂളിക്കൊണ്ടു് അവളുടെ മുറിയിലേക്കു പറന്നെത്തി. അവൾ കൌതുകത്തോടുകൂടി അതിനെ നോക്കി അവളുടെ കിടക്കമേൽ മലർന്നുകിടന്നു.

പെട്ടെന്നു്, വാതിൽക്കൽ ഒരു മുട്ടു്! റവ: ക്ലേരമ്മ അകത്തു പ്രവേശിച്ചു. "മേരിക്കുട്ടീ! ഇതാ, രണ്ടു സ്ത്രീകൾ നിന്നെ കാണുവാൻ വന്നിരിക്കുന്നു." ലോകത്തിൽനിന്നു് അവളെ കാണുവാൻ രണ്ടു സ്ത്രീകൾ വന്നിരിക്കുന്നു! സന്തോഷാധിക്യത്താൽ തുടിച്ച ഹൃദയത്തോടുകൂടി അവൾ കീഴ്പോട്ടു പാടിയിറങ്ങി.

അവർ അന്നയും മാത്തയുമായിരുന്നു. അന്നയുടെ കൈയിൽ പൂവൻപഴംപോലുള്ള ഒരു ബാലനുണ്ടു്; അതു് അവളുടെ രക്തവും മാംസവും ആയുസ്സുംകൊണ്ടു നിർമ്മിക്കപ്പെട്ടതാണു്. മേരിക്കുട്ടി സ്നേഹിതകളെ കെട്ടിപ്പിടിച്ചു; എങ്കിലും അവളുടെ ദൃഷ്ടികൾ മുഴുവനും ആ പൈതലിന്റെ നേരെയായിരുന്നു. അവൾ തിരിഞ്ഞുനോക്കി. ക്ലേരമ്മ അവിടെയുണ്ടായിരുന്നില്ല. അടുത്ത നിമിഷംതന്നെ അവൾ അന്നയുടെ പക്കൽനിന്നു് ആ പൈതലിനെ തട്ടിപ്പറിച്ചു് അടുത്ത മുറിയിലേക്കു കടന്നു. അവൾ അതിനെ ഹൃദയ

ത്തോടമത്തിപ്പിടിച്ച്, മരുഭൂമിയിൽ ദാഹിച്ചുഴറി നടക്കുന്ന ഒരു യാത്രക്കാരൻ ശുദ്ധജലം കണ്ടെത്തിയതുപോലെ, ആത്തിയോടുകൂടി അതിനെ കേശാദിപാദം ചുംബനവഷം ചെയ്തു. അന്ന ചിരിച്ചുംകൊണ്ട് അവളെ തടഞ്ഞു, "മേരിക്കുട്ടീ! എന്താണിത്? നീ എന്റെ കുട്ടിയെ ഉമ്മവെച്ചു കൊല്ലുമല്ലോ!" അവൾ ആ കുട്ടിയെ മേരിക്കുട്ടിയുടെ പക്കൽനിന്നു ബലമായി വാങ്ങിച്ചു.

മേരിക്കുട്ടിയുടെ നയനങ്ങൾ നിറഞ്ഞു; മാറിടം ഒന്നുകൂടി ഉയന്നു; ആ അതിമോഹനമായ കുന്തൽ കെട്ടഴിഞ്ഞു വീണു. എങ്കിലും അവൾക്കൊരു തൃപ്തിയുണ്ടായി.

മാത്ത ചോദിച്ചു, "മേരിക്കുട്ടീ! നീ വല്ലാതെ ക്ഷീണിച്ചിരിക്കുന്നുവല്ലോ"

"ഉം!" എന്നൊരു സ്വരം മാത്രമായിരുന്നു അതിനുത്തരം.

അന്ന മേരിക്കുട്ടിയുടെ കൈ പിടിച്ചു; "മേരിക്കുട്ടീ! മേരിക്കുട്ടീ! നീ എത്ര ഭാഗ്യമുള്ളവളാണ്! നിനക്ക് ഈ തരത്തിലുള്ള കുട്ടികളുടെ സൊല്ലകളും, കുടുംബത്തിന്റെ ബുദ്ധിമുട്ടുകളും ഒന്നും അനുഭവിക്കാതെ ജീവിക്കാമല്ലോ!" മേരിക്കുട്ടി പുച്ഛരസത്തിൽ ഒരു ചിരി!

മാത്ത:—"മേരിക്കുട്ടീ! നീ എന്താണ് ഞങ്ങളോടൊന്നും സംസാരിക്കാത്തതു?"

ഒരു വിളറിയചിരിയോടുകൂടി മേരിക്കുട്ടി പറഞ്ഞു, "മാത്തേ! നിങ്ങൾ ലോകത്തിൽ നിന്നല്ലേ വരുന്നതു? ഞാൻ നിങ്ങളോടെന്തു പറയാനാണ്?"

അന്ന:—"മേരിക്കുട്ടീ! നീയെവിടെനിന്നാണ് വരുന്നതു?"

മേരി:—"അന്നേ! ഞാൻ തീച്ചയായും ലോകത്തിൽ നിന്നല്ല വരു

ന്നതു്. അതിരിക്കട്ടെ. നിൻെറ ഈ പാവപ്പെട്ട കൂട്ടുകാരി ക്കവേണ്ടി ഒരുപകാരം ചെയ്യുമോ?''

അന്ന:—''അതെന്താണു്? പറയൂ, ഞാൻ തീച്ചയായും ചെയ്യാം.''

മേരി:—''അനേ.! നീ കൊല്ലത്തിൽ ഒരിക്കലെങ്കിലും ഈ തരം ഒരു കുട്ടിയെ കൊണ്ടുവരുമോ?''

അന്ന:—''അതെന്തിനാണു്?''

മേരി:—''എനിക്കു ചുംബിക്കുവാൻ!''

അന്ന ചിരിച്ചു; ''ഈ പ്രായത്തിലുള്ള കുട്ടിയെത്തന്നെ കൊണ്ടുവരണോ?''

മേരി:—''വേണം!''

മാത്ത പൊട്ടിച്ചിരിച്ചു, ''അന്നേ! നീ കൊല്ലംതോറും പ്രസവിക്കുവാൻ ശ്രമിച്ചോളൂ!''

പ്രസവിക്കുക! എന്താണതു്? മേരിക്കുട്ടി തല താഴ്ത്തി മന്ദം മന്ദം നടന്നു. അപ്പോഴും സന്ധ്യാപ്രാത്ഥനയെ അറിയിക്കുന്ന മണിനാദം ശാന്തമായി കഴകുന്നുണ്ടായിരുന്നു.

*  *  *

അന്നു രാത്രി മേരിക്കുട്ടി അവളുടെ മുറിക്കകത്തു കടന്നു വാതിലടച്ചു്, വിരിച്ചിട്ടിരുന്ന കിടക്കമേൽ മലന്നുകിടന്നു. അപ്പോഴും മാവിൻമുകളിൽക്കൂടി ചന്ദ്രൻ അവളെ എത്തിനോക്കിക്കൊണ്ടിരുന്നു. പിറെറദിവസം പ്രഭാതത്തിലാണു് അവളുടെ മുടി ഛേദിക്കപ്പെട്ടന്നതു്. അവൾക്കു് അതൊന്നും ഓക്കുവാൻകൂടി ശക്തിയുണ്ടായില്ല. അവളുടെ തലയ്ക്കു മുകളിൽ അവൾ കണ്ടു, വായ്പിളത്തിയ ആമൂച്ചയുള്ള കത്രിക! സാധു പരിഭ്രമിച്ചു ചാടിയെണീററു. അവ

ളുടെ മുമ്പിൽ ചുമരിന്മേൽ തൂക്കിയിട്ടിരുന്ന ചിത്രത്തിന്റെ മുമ്പിൽ —ദിവ്യശിശുവിനെ മടിയിലെടുത്തു കളിപ്പിക്കുന്ന പരിശുദ്ധ 'മറിയ'ത്തിന്റെ മുമ്പിൽ—അവൾ സാഷ്ടാംഗം വീണു് ആ വരണ്ട ഇഷ്ടികയിന്മേൽ ചുടുകണ്ണീർകണങ്ങൾ ചൊരിഞ്ഞു. ഒടുവിൽ അവൾ തല ഉയർത്തി ഒരു ഇടറിയ സ്വരത്തിൽ പറഞ്ഞു, "അമ്മേ! അവിടത്തെ മുടി ആരും മുറിച്ചുകളഞ്ഞില്ല; അതു സൌന്ദര്യത്തിന്റെ മാതൃകയായി അവിടുത്തെ അന്ത്യശ്വാസംവരെ നിലനിന്നു. അവിടുന്നു് എന്റെ ജനനത്തോടുകൂടി എനിക്കും കുറച്ചു മുടി തന്നു; ഈ യൌവനത്തിൽതന്നെ അതിന്റെ കഴുത്തറുക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നുണ്ടോ? അവിടേക്കു സൌന്ദര്യം നശിച്ചാലേ തൃപ്തി വരൂ എന്നുണ്ടോ? അമ്മേ! അവിടുന്നു സ്ത്രീകളുടെ മാതൃകയാണല്ലോ. എന്നിട്ടും അവിടുന്നു പ്രസവിച്ചു്, ഒരമ്മയായി! പൈതലിനെ എടുത്തു താലോലിക്കുവാൻ അവിടേക്കു ഭാഗ്യം ലഭിച്ചു! എനിക്കോ?" അവളുടെ ഗളനാളത്തിൽനിന്നു പിന്നെ ഒരൊററ അക്ഷരം പുറത്തു വന്നില്ല.

പ്രഭാതത്തിൽ, മേരിക്കുട്ടിയുടെ ചെറിയമ്മയും മഠാധിപയും അവളുടെ മുറിയിൽ പ്രവേശിച്ചു. അവർ വാടിത്തളർന്ന അവളുടെ വദനം കണ്ടു. പക്ഷെ, അവൾ പൊഴിച്ച ഹൃദയം ഉരുകിയ കണ്ണുനീർ അവർക്കു കാണുവാൻ സാധിച്ചില്ല.

മറിയാമ്മയുടെ പക്കൽ ഒരു പ്രഭുകുമാരിക്കു വിവാഹസമയത്തിൽ അണിയേണ്ടതായ ആഭരണങ്ങളും വസ്ത്രങ്ങളും ഉണ്ടായിരുന്നു. അന്നു മേരിക്കുട്ടിയുടെ മുടി മുറിക്കലാണു്; അന്നു് അവൾ ഒരു വധുവിനെപ്പോലെ സർവ്വവിധ വിഭൂഷകൾ അണിഞ്ഞുനില്ക്കണം—ഏതാനും മിനുട്ടുകൾ മാത്രം.

അവളെ അവർ ഒരു നിലക്കണ്ണാടിയുടെ മുമ്പിൽ നിറുത്തി ആഭരണങ്ങൾ അണിയിച്ചു. മേരിക്കുട്ടി കണ്ണാടിയിലേക്കൊന്നു നോക്കി. ഹാ! എന്തൊരു സൌന്ദര്യം! പ്രഭാതനക്ഷത്രംപോലെ! അവിടെ കൂടിനിന്ന 'കന്യാസ്ത്രീ'കൾ അമ്പരന്നുപോയി. അവൾക്കെന്തു ഇഷ്ടമാണെന്നോ ഒരു വധുവാകാൻ!

അവൾ മഠാധിപയുടെ പിന്നാലെ മന്ദമന്ദം ദേവാലയത്തിലേക്കു നടന്നു. അവിടെ അവളെപ്പോലെതന്നെ മുടി മുറിക്കപ്പെടേണ്ടവരായ അഞ്ചെട്ടു പെൺകുട്ടികളുമുണ്ടായിരുന്നു. അവരുടെ ഇടയിൽ മേരിക്കുട്ടിയും മുട്ടുകുത്തി. അപ്പോൾ അവൾ വേറെയേതോ ലോകത്തിലാണ് അധിവസിക്കുന്നതെന്ന് അവൾക്കു തോന്നി.

കർമ്മത്തിന്നുമദ്ധ്യേ ബിഷപ്പു തിരുമനസ്സുകൊണ്ട് ഒരു വിശേഷതരം കത്രികയും കൈയിലേന്തി ബലിപീഠത്തിൽനിന്ന് ഇറങ്ങിവന്ന് ഓരോ പെൺകുട്ടിയുടെ ശിരസ്സിൽനിന്നും അഞ്ചെട്ടു മുടിയിഴകൾ വെട്ടിമുറിക്കുവാൻ തുടങ്ങി. അദ്ദേഹം മേരിക്കുട്ടിയുടെ അടുക്കലെത്തി, അവളുടെ തലയിൽ വച്ചിരുന്ന പൂക്കിരീടം മാററി അഞ്ചാറു മുടിയിഴകൾ പിടിച്ച് വായ്പിളത്തിയ കത്രിക നീട്ടി. മേരിക്കുട്ടി ഒരൊററത്തട്ട്! പക്ഷെ ഫലമുണ്ടായില്ല; അഞ്ചാറു മുടിയിഴകൾ നിലത്തുവീണു. അവിടെ കൂടിനിന്നിരുന്നവർ തമ്മിൽതമ്മിൽ നോക്കി.

13535

അടുത്തദിവസം മേരിക്കുട്ടിയും മററുള്ള പെൺകുട്ടികളും അവരുടെ ആഭരണങ്ങൾ അവിടെ ആ ബലിപീഠത്തിന്റെ മുമ്പിൽ എന്നെന്നേയ്ക്കുമായി ഊരിവെച്ചു. സ്വർണ്ണം ഒരു പിശാചാണ്! ലോകസുഖത്തോടു സംഘടിക്കപ്പെട്ടതാണ്. ലോകജീവിതത്തിലേക്കു കാലെടുത്തു കുത്തിയ ആ ബാലികമാർ, ലോകജീവിതത്തിന്നുപകരിക്കുന്ന സകല വസ്തുക്കളും ഉപേക്ഷിച്ചിരിക്കുന്നുവെന്നും, ദൈവദത്തമായ അംഗസൌന്ദര്യംകൂടി നശിപ്പിക്കുവാൻ സന്നദ്ധരാണെന്നും പ്രതിജ്ഞ ചെയ്തു.

കർമ്മം കഴിഞ്ഞു. മേരിക്കുട്ടി അവളുടെ മുറിയിൽ പ്രവേശിച്ചു. കണ്ണാടിയിൽ സൂക്ഷിച്ചുനോക്കി. ശിരസ്സിൽനിന്ന് അഞ്ചാറു മുടിയിഴകൾ വെട്ടിയതുകൊണ്ട് സൌന്ദര്യത്തിന്ന് വലിയ ഹാനിയൊന്നും പററിയിട്ടുണ്ടായിരുന്നില്ല.

അപ്പോഴേക്കും വന്ന മഠാധിപ കത്രികയും പിടിച്ചുകൊണ്ടു; "മേരിക്കുട്ടീ! വരൂ! ആ ജട ഞാൻ വെട്ടിക്കളയട്ടെ!" അവളുടെ ഭാവം പകർന്നു. അവളുടെ ജീവനുള്ള കേശഭാരം ജടയാണത്രെ! ഇടിമിന്നിൽപോലെ അവൾ ഒരൊററച്ചാട്ടം! ഒരു നിമിഷത്തിന്നുള്ളിൽ അവൾ കത്രിക തട്ടിപ്പറിച്ചു ഊക്കോടുകൂടി നിലത്തൊരേററ്! റവ: ക്ലേരമ്മ അമ്പരന്നുപോയി. പക്ഷേ അവർ തന്റേടമുള്ള ഒരു സ്ത്രീയായിരുന്നതുകൊണ്ട്, ഒരു പുഞ്ചിരിയോടുകൂടി മേരിക്കുട്ടിയുടെ അരികെ കിടക്കമേൽ ചെന്നിരുന്ന് ശാന്തസ്വരത്തിൽ പറഞ്ഞു. "മേരിക്കുട്ടി! നിന്റെ ധിക്കാരത്തെ ഞാൻ ക്ഷമിച്ചിരിക്കുന്നു. നാം എപ്പോഴും ക്ഷമിക്കേണ്ടവരല്ലേ!"

മേരിക്കുട്ടി കിടക്കമേലിരുന്ന് അവളുടെ കാൽമുട്ടുകൾ കെട്ടിപ്പിടിച്ച് ജാലകത്തിൽകൂടി അന്തരീക്ഷത്തിലേക്ക് നോക്കി. ശോഭനമായ ആകാശത്തിൽ ഒരു വെള്ളപ്രാവ് വട്ടം ചുററി പറക്കുന്നുണ്ടായിരുന്നു. ചുവട്ടിലുള്ള മുറിയിൽനിന്ന് 'പീയാനോ'യുടെ ശോകരസപ്രധാനമായ ഒരു സ്വരവും ചുട്ടുപഴുത്ത അന്തരീക്ഷത്തിലേക്കൊഴുകിക്കൊണ്ടിരുന്നു.

മഠാധിപ അവളുടെ ഫാലദേശം തലോടി; "മേരിക്കുട്ടീ! നിന്റെ പ്രായത്തിൽ എനിക്കും ഈ കർമ്മം നിർവ്വഹിക്കേണ്ടിവന്നു. അന്ന് എന്റെ മനസ്സിൽ കടന്നുകൂടിയ വിഷമം ചില്ലറയൊന്നുമല്ലായിരുന്നു. ഇന്നോ ഈ ജട ഒന്നൊന്നായി നിശ്ശേഷം അറുത്തുകളയുന്നതിന് എനിക്കു യാതൊരു കൂസലുമില്ല. നീയും എന്റെ പ്രായത്തിലെത്തും. അപ്പോൾ പാപത്തിലേക്കു വലിച്ചിഴയ്ക്കുന്ന ഓരോ വസ്തുവും നീ അത്യന്തം വെറുക്കും. അന്ന്, നിത്യമായ പരമാനന്ദത്തിന്റെ ഒരു നീരാവി നിന്നിൽനിന്നു താനേ ഉയർന്നുപൊങ്ങും! മകളേ! ഈ യൌവനവും സൌന്ദര്യവും നിനക്കെത്രകാലംവരെ രക്ഷിക്കുവാൻ സാധിക്കും?"

മേരിക്കുട്ടിയുടെ ക[illegible] [illegible]നി[illegible]. അവൾ ദൃഷ്ടികൾ മാധവിയുടെ മുഖത്തു പതിപ്പിച്ചു; വീണ്ടും ആകാശത്തിലേക്കു തന്നെ നോക്കി. മേഘങ്ങൾക്കിടയിൽ തേജോമയമായ ഒരു വെളിച്ചം! അവിടെനിന്നു മാനസത്തെ മോഹാലസ്യപ്പെടുത്തുന്ന ഒരു സംഗീതവും! മേരിക്കുട്ടി അവളുടെ തല മാധവിയുടെ മാറിടത്തിലേക്കു ചരിച്ചു— അവൾ സമ്മതിച്ചു.

"ക്രി! ക്രി! ക്രി!" എന്നു് കുറെ ശബ്ദം. അവളുടെ കേശഭാരം മരിച്ചു് നിലത്തു വീണു ചിന്നിച്ചിതറി.

എന്തോ സുഷുപ്തിയിൽനിന്നുണർന്നതുപോലെ അവൾ ചുറ്റുപാടും പകച്ചുനോക്കി. ആ മുറിയിൽ ആരുമുണ്ടായിരുന്നില്ല. കണ്ണാടിയിൽ അവൾ അവളുടെ പ്രതിച്ഛായ കണ്ടു. പക്ഷെ, അതു് അവൾ പെട്ടെന്നു വിശ്വസിച്ചില്ല. എന്തൊരു പരിണാമമാണു് അവളുടെ സുന്ദരരൂപത്തിനുണ്ടായതു്? അതാ കിടക്കുന്നു അവളുടെ പ്രിയപ്പെട്ട മുടി! അവൾ അതു വാരിയെടുത്തു കണ്ണീർകൊണ്ടു കഴുകി.

അന്നു രാത്രി മുഴുവനും, ആ മുറിയിൽനിന്നു് അതിദയനീയമായ ഒരു തേങ്ങിക്കരച്ചിൽ മാധവി കേട്ടു. എങ്കിലും മേരിക്കുട്ടിക്കു് 'ആകാശമോക്ഷം' സിദ്ധിച്ചുവല്ലോ എന്നൊരു വലിയ ആശ്വാസമാണു് അവൾക്കുണ്ടായതു്.

B. V. PRESS,
TRICHUR.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. 200 Acc. No. 13534

This book should be returned on or before the date last stamped below.

൭൦൦ 13534

സെബാസ്ത്യൻ, സി. കെ.

കേശരത്നാകരം.

KOTTAYAM PUBLIC LIBRARY

Call No. ൭൦൦ Acc. No. 13534

Author സെബാസ്ത്യൻ, സി.കെ.

Title ദേവസ്തോത്രം